പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2632 | 19-12-2012 - ൽ മറുപടിയ്ക്ക്

## ചേലക്കര നിയോജകമണ്ഡലത്തിലെ തടയണകളുടെ നിർമ്മാണ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ചേലക്കര നിയോജകമണ്ഡലത്തിൽ മലബാർ ഇറിഗേഷൻ പ്രൊജക്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്ന കൂട്ടിൽമുക്ക്, പൈങ്കുളം, കൊടപ്പാറക്കയം എന്നീ തടയണകളുടെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ; | (എ) കൂട്ടിൽമുക്ക് തടയണയുടെ ടെൻഡർ നടപടികൾ, വകുപ്പുതലത്തിൽ നടന്നുവരുന്നു.<br><br>പൈങ്കുളം തടയണയുടെ പുതുക്കിയ ഭരണാനുമതിക്കും സാങ്കേതികാനുമതിക്കുമായി ലഭിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. എന്നാൽ 2012-ലെ SOR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നതായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) അറിയിച്ചിട്ടുണ്ട്.<br><br>കൊടപ്പാറക്കയം തടയണയുടെ പുതുക്കിയ ലൊക്കേഷനിലെ പര്യവേഷണ പ്രവർത്തനങ്ങൾ വകുപ്പുതലത്തിൽ നടന്നുവരുന്നു. |
| (ബി) ഇതിൽ സാങ്കേതികാനുമതി ലഭിച്ച ഏതെങ്കിലും പദ്ധതി ഉണ്ടോയെന്നും പ്രസ്തുത പദ്ധതി ടെന്റർ ചെയ്യുവാനുള്ള കാലതാമസത്തിന് കാരണമെന്തെന്നും വ്യക്തമാക്കുമോ; | (ബി) സാങ്കേതികാനുമതി ലഭിച്ച കൂട്ടിൽമുക്ക് തടയണയുടെ ടെൻഡർ വിളിച്ചു കഴിഞ്ഞു. |
| (സി) ഇനിയും കാലതാമസം വരുത്താതെ പ്രസ്തുത പദ്ധതികൾ നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പദ്ധതികൾ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.